# പതിനാലാം കേരള നിയമസഭ

## (ഒൻപതാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1484** **30.01.2018-ൽ മറുപടിയ്ക്ക്**

**സുരക്ഷിതവും ഭക്ഷ്യയോഗ്യവുമായ മത്സ്യം ലഭ്യമാക്കുന്നതിന് നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി. ദിവാകരൻ<br>ശ്രീ.ആർ. രാമചന്ദ്രൻ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ.എൽദോ എബ്രഹാം | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) ജനങ്ങൾക്ക് ഗുണനിലവാരമുള്ള മത്സ്യവും മത്സ്യത്തൊഴിലാളികൾക്ക് മാന്യമായ വരുമാനവും ഉറപ്പുവരുത്തുന്നതിന് നിയമനിർമ്മാണം നടത്തുമോ എന്ന് വ്യക്തമാക്കുമോ; | എ) നിയമനിർമ്മാണം നടത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |
| ബി) മത്സ്യബന്ധനം, സംഭരണം, വിതരണം, വില്പന എന്നിവയിലുള്ള ഏതൊക്കെ തരത്തിലുള്ള ഇടപെടലിലൂടെയാണ് ജനങ്ങൾക്ക് സുരക്ഷിതവും ഭക്ഷ്യയോഗ്യവുമായ മത്സ്യം ലഭ്യമാക്കുന്നത്; വിശദീകരിക്കാമോ; | ബി) മത്സ്യബന്ധന യാനങ്ങളുടെ ആധുനികവത്ക്കരണം, ശീതീകരണ സംവിധാനങ്ങൾ ഒരുക്കൽ, ശുചിത്വ പൂർണ്ണമായി മത്സ്യം കൈകാര്യം ചെയ്യൽ, വാഹന സൗകര്യം, മത്സ്യത്തിന്റെ ഗുണനില വാര പരിശോധന സംവിധാനങ്ങൾ എന്നിവ കാര്യ ക്ഷമമാക്കിയും വിപണനത്തിൽ സഹകരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കി ഉപഭോക്താ ക്കൾക്ക് സുരക്ഷിതവും ഭക്ഷ്യ യോഗ്യവുമായ മത്സ്യം ലഭ്യമാക്കുന്നതിനാണ് ശ്രമിക്കുന്നത്.<br><br>മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനായി പ്രാഥമിക സഹകരണ സംഘങ്ങൾ വായ്പയും വായ്പകൾക്ക് സബ്സി ഡിയും നൽകി വരുന്നു. വിപണനത്തിലേർപ്പെട്ടു കൊണ്ടിരിക്കുന്ന സ്ത്രീ തൊഴിലാളികൾക്ക് പലിശ രഹിത വായ്പയും നൽകി വരുന്നു.<br><br>ഗുണമേൻമയേറിയ മത്സ്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയെന്ന ലക്ഷ്യ ത്തോടു കൂടി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങ ളിൽ മത്സ്യഫെഡിന്റെ മേൽനോട്ടത്തിൽ 31 ഫിഷ് മാർട്ടുകൾ നടത്തി വരുന്നു. ഇവയ്ക്ക് ആവശ്യമായ മത്സ്യം പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്നും, വിപണിയിൽ നിന്നും സംഭരിച്ച് ഗുണമേൻമ |

ഉറപ്പാക്കിയും ബന്ധപ്പെട്ട ജില്ലകളിൽ ശേഖരിച്ച് വിതരണം ചെയ്തു വരുന്നു. കൂടാതെ, ഓരോ ദിവസവും പിടിക്കുന്ന പച്ച മത്സ്യം അതാത് ദിവസം വെട്ടി വൃത്തിയാക്കി 'അന്തിപ്പച്ച' എന്ന പദ്ധതിയിലുൾപ്പെടുത്തി വിതരണം ചെയ്യുന്ന നടപടിയും മത്സ്യഫെഡിന്റെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതി സംസ്ഥാനമാകെ വ്യാപിപ്പിക്കുന്നതാണ്.

| | |
|---|---|
| സി) മത്സ്യവില നിശ്ചയിക്കുന്നതിനുള്ള അധികാരം സർക്കാരിന് നൽകുന്ന വ്യവസ്ഥ ബില്ലിൽ ഉൾക്കൊള്ളിക്കുമോ; | സി) മത്സ്യവില നിശ്ചയിക്കപ്പെടുന്നത് മത്സ്യത്തിന്റെ തരം, വലിപ്പം, ഗുണമേൻമ, അതേയിനത്തിൽപ്പെട്ടതും മറ്റിനത്തിൽപ്പെട്ടതുമായ മത്സ്യങ്ങളുടെ ലഭ്യത, കോഴി, ആട്, തുടങ്ങിയ മാംസാഹാരങ്ങളുടെ ആപേക്ഷിക ലഭ്യത, ശീതികരണ സംവിധാനങ്ങളുടെ ലഭ്യത, പൊതു - കമ്പോള വില, സാമൂഹിക ഘടകങ്ങൾ, തുടങ്ങിയ നിരവധി ഘടകങ്ങൾ അനുസരിച്ചാണ്. ഈ സാഹചര്യത്തിൽ മത്സ്യവില നിശ്ചയിക്കുന്നതിനുളള അധികാരം സർക്കാരിന് നൽകുന്ന വ്യവസ്ഥ ബില്ലിൽ ഉൾക്കൊള്ളിക്കുന്നത് പ്രായോഗികമല്ല. |
| ഡി) ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്ന് മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിന് ഏതൊക്കെ തരത്തിലുള്ള ഇടപെടൽ നടത്തുമെന്ന് വ്യക്തമാക്കുമോ? | ഡി) മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളെ ശാക്തീകരിച്ച് ഇടനിലക്കാരെ ഒഴിവാക്കി മത്സ്യത്തൊഴിലാളികളിൽ നിന്നും നേരിട്ട് മത്സ്യം ശേഖരിക്കുന്നതിനാണ് വിഭാവന ചെയ്തിട്ടുളളത്. ഇതിലൂടെ മത്സ്യത്തൊഴിലാളികൾക്ക് പിടിച്ചെടുക്കുന്ന മത്സ്യത്തിന് ന്യായ വില ലഭിക്കുന്നതായിരിക്കും. കൂടാതെ മത്സ്യബന്ധന ഉപകരണങ്ങൾക്ക് സബ്സിഡി ഉൾപ്പെടെ വായ്പയും, സബ്സിഡി നിരക്കിൽ മണ്ണെണ്ണയും ലഭ്യമാക്കുന്നതിനു ലക്ഷ്യമിടുന്നു. |

**സെക്ഷൻ ആഫീസർ**